Rao Bahadur T. K. Nayar *(Minister for Public Health)*: (*a*) No.
(*b*) Annual maintenance works to the drainage canals are being attended to.

POWERS OF HYDRO-ELECTRIC CHIEF ENGINEER

455. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്ത ഹൈഡ്രോ ഇലക്ട്രിക്ക് സ്കീം നടപ്പിൽ വരുത്തുവാൻ നിയമിച്ച ചീഫ് എഞ്ചിനീയക്ക് അദ്ദേഹത്തിന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും നിയമിക്കുന്നതിനും അധികാരമുണ്ടോ;

(ബി) ഈ ഡിപ്പാർട്ടുമെണ്ടിലേക്ക് അടുത്തകാലത്തു പുതിയതായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയരെ നിയമിച്ചതിനെ സംബന്ധിച്ചുണ്ടായ എല്ലാ ഗവൺമെണ്ടുത്തരവുകളുടേയും പകർപ്പ മേശപ്പുറത്തുവെക്കാമോ;

(സി) ടി ഡിപ്പാർട്ടുമെണ്ടിൽ കരാറുകാരെ കൊടുക്കുന്നതിനെ സംബന്ധിച്ചു നാട്ടിൽ പൊതുവെ പലേ ആക്ഷേപങ്ങളും ഉള്ളതായി ഗവൺമെണ്ടിന്നറിയാമോ;

(ഡി) ചാലക്കുടിയിൽനിന്നു സാമാനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനു ടെണ്ടർ വിളിച്ചിരുന്നുവോ; ഉണ്ടെങ്കിൽ എത്ര പേർ ടെണ്ടർ വെച്ചിരുന്നു; അവരുടെ റേറ്റെന്താണ്; ഗവൺമെണ്ടിലേക്കു സ്വീകരിച്ച സാമാനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനു എല്പിച്ചയാരെയായിരുന്നു;

(ഇ) ഈ കാര്യത്തിൽ ഗവൺമെണ്ടിലേക്ക് എതെങ്കിലും ആക്ഷേപം കിട്ടിയിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) അസിസ്റ്റാണ്ട് എഞ്ചിനീയർമാരെയും അവക്കു താഴെയുള്ള ബാക്കി എല്ലാ ഉദ്യോഗസ്ഥന്മാരേയും നിയമിക്കുവാൻ അദ്ദേഹത്തിനു് അധികാരമുണ്ട്.

(ബി) ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix I)

(സി) ചില ആക്ഷേപങ്ങൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

(ഡി) ഉവ്വ്. ചാലക്കുടിയിൽനിന്നും ആവശ്യംപോലെ പെരിങ്ങൽകുത്തിലേക്കു സാമാനങ്ങൾ കൊണ്ടുപോകുന്നതിനു ടെണ്ടർ വിളിക്കുകയുണ്ടായി. മൂന്നു പേർ ടെണ്ടർ വെച്ചു. അവർ വെച്ച റേറ്റ കാണിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (Appendix I) മിസ്റ്റർ പി. കെ. അച്ചുതനെ.

(ഇ) ഉവ്വ്.

FERRY ARRANGEMENTS FOR SCHOOL BOYS

456. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

പോഞ്ഞിക്കര, വല്ലാർപാടം, പനമ്പുകാട്, മുളവുകാട് മുതലായ ദിക്കുകളിൽനിന്നും എറണാകുളത്തേക്കു വരുന്ന വിദ്യാർത്ഥികൾക്കു വേണ്ടത്ര കടത്തു സൌകര്യങ്ങളില്ലാത്തതുകൊണ്ട് ദിവസേന വളരെ വൈകി സ്കൂളിലും മറ്റും എത്തുന്നതായി ഗവൺമെണ്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: ഉവ്വ്. തൽപരിഹാരാർത്ഥം വേണ്ട നടപടികളും ഗവൺമെണ്ട് എടുക്കുന്നുണ്ട്.

NON-GAZETTED OFFICERS' ASSOCIATION, ERNAKULAM

457. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എറണാകുളം നോൺഗസറ്റഡ് ആഫീസേഴ്സ് അസോസിയേഷന്റെ ഒരു പൊതുയോഗം മഹാരാജാസ് കോളേജു ഹാളിൽവെച്ചു് നടന്നതിൽ യുദ്ധസേവനംചെയ്തിരിച്ചുവന്നിട്ടുള്ളവർക്ക് ആനുകൂല്യങ്ങളും അവകാശങ്ങളും (Privileges & concessions) അനുവദിക്കപ്പെട്ടിട്ടുള്ളതു് അനീതിയാണെന്നു വിദ്യാഭ്യാസമന്ത്രി മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസംഗിച്ചതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

31. Arakkunnam Co-operative Society No. 558, Arakkunnam.
32. Venkiteswara Shenoi, Ernakulam.
33. Ranganatha Pai, Ernakulam.
34. Thekkumbhagam Co-operative Society No. 537, Chowwara.
35. Urban Co-operative Society, Ernakulam.

APPENDIX I

(Please see answer to question No. 455)

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

POST-WAR RECONSTRUCTION DEPARTMENT

Mr. K. Y. S. Menon—Executive Engineer—H. E. Department—Exemption from age-bar and medical examination—request for

Read Letter HEB/PKY/6, dated 2nd June 1947 from the Chief Engineer, H. E. Br.

Order D. Dis. 48445/22, dated 19th June 1947

Mr. K. Y. S. Menon, Executive Engineer, Hydro-Electric Department is exempted from the rule regarding age-bar, but not from medical examination.

(By order of the Government of Cochin)

(Sd.)

Deputy Secretary

To

The Chief Engineeer, H. E. Branch,
„ Comptroller of Finance & Accounts.

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

POST-WAR RECONSTRUCTION DEPARTMENT

Hydro Electric Department—Executive Engineer—Appointment of

Read Letter HEB/PG/227, dated 24th April 1947 from the Chief Engineer, H. E. Br.
(2) Letter HEB/PKY/2, dated 5th May 1947 from the Chief Engineer, H. E. Br.
(3) Sarvadhikariakar's communication G-2491/21, dated 17th June 1947.

Order PR3-39285/21, dated 20th June 1947

Mr. K. Y. S. Menon A. M. I. Struct. E. (Lond.) is appointed Executive Engineer, Pipe Line and Power House Division, Hydro-Electric Department. His starting salary is fixed at Rs. 650 per mensem in the grade of Rs. 500-50-700 plus Rs. 75 duty allowance. He is also entitled to fifty per cent of the basic salary as Hill allowance and the usual dearness allowance. Mr. Menon has joined duty on the afternoon of 17th May 1947.

2. Government are pleased to exempt Mr. K. Y. S. Menon from the rule requiring the minimum qualification for holding the present temporary post in the Hydro Electric Department alone.

(By order of the Government of Cochin)

(Sd.)

Deputy Secretary

To

The Chief Engineer, H. E. Branch,
„ Comptroller of Finance & Accounts,
„ Chief Engineer, P. W. D.,
„ Public Works Department.

LIBRARY ARCHIVES Kerala Legislative Assembly

TRANSPORTING GOODS FROM CHALAKKUDI STORES TO PORINGALKUTHU

	Name of tenderers	*Rate* Rs. A. P.
1.	C. C. Ismail Rowther	0 7 6 per mile
2.	V. A. M. Ismail	0 11 9 ,,
3.	P. J. Varkey	0 6 6 ,,
4.	P. K. Achuthan	0 14 0 ,, (subsequently reduced to 0 6 6)
5.	National Furniture Co.	10 0 0
6.	Kerala Motors	0 7 6
7.	C. K. S. Moni	0 10 0
8.	S. K. Sankaranarayana Ayyar	1 2 0
9.	A. S. Krishna Ayyar	1 6 0
10.	Sree Ramachandra Industrials	Actuals plus 9%
11.	A. C. Paul	1 0 4
12.	C. S. Warriar	0 8 9
13.	Allied Engineers	0 12 0; 0 8 0
14.	S. Ramanatha Ayyar	0 14 0
15.	K. K. Paul	2 0 0
16.	M. R. Balakrishna Menon	4 0 0
17.	K. P. D. Menon	5 0 0
18.	S. P. Louis	1 8 0

APPENDIX II

(Please see answer to Question No. 459)

മഹാരാജ മാന്യരാജശ്രീ

ബഹുമാനപ്പെട്ട പബ്ലിക്ക് ഹെൽത്ത് മന്ത്രി അവർകളുടെ മുമ്പാകെ കൊച്ചി, എറണാകുളം കായലിലെ മത്സ്യം പിടിത്തക്കാരായ താഴെ പേരെഴുതി ഒപ്പിട്ടവർ ബോധിപ്പിക്കുന്ന അപേക്ഷ.

ഞങ്ങൾ കൊച്ചി എറണാകുളം കായലിൽ കണച്ചുണ്ട, ആയിരം ചുണ്ട, ചീനവല, ചവിട്ടുവല, കോരുവല, വാലുവല, മുതലായതുകൊണ്ടുവഴി മത്സ്യംപിടിച്ച് ജീവിതംകഴിച്ചുവരുന്നവരാകുന്നു. എന്നാൽ തിരുവിതാംകൂറിൽനിന്നും കുറെ ആളുകൾ ഇവിടെവന്ന കടലിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നതായ അടക്കം കൊല്ലിവല ഫിഷറിഡിപ്പാർട്ടുമെണ്ടുകാരെ തെറ്റിധരിപ്പിച്ച് തല്ലുവലയെന്നും, കൃഷ്ണവലയെന്നും, പെയ്ത്തുവലയെന്നും തെളിക്കണ്ണിയെന്നും ഉള്ളപേരിൽ പാസ്സ് എടുത്ത മത്സ്യബന്ധനം ചെയ്തവരുന്നതു നിമിത്തം ഞങ്ങളുടെ തൊഴിലിനു യാതൊരു ആദായവും ഇല്ലാതായിതീർന്നിരിക്കുന്നു എന്നുള്ള വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. ഞങ്ങളിൽ പെരുമാന്തർക്കാരായവർ അവരുടെ ഉന്നികൾ സർക്കാരിൽനിന്നെടുക്കുക നിമിത്തം ഇപ്പോൾ ആയിരംചുണ്ട, ചീനവല, ചവിട്ടുവല, കോരുവല എന്നിതുകൊണ്ടുവഴി മത്സ്യംപിടിച്ചു ജീവിച്ചുവരുകയാണ് ചെയ്യുന്നതു്. അതുപോലെതന്നെ വെണ്ടുരുത്തിയിൽനിന്നും നെട്ടൂർ കോളനിയിൽപോയി നിവസിച്ചുവരുന്ന കുസ്ത്യാനികളിൽ ഭൂരിഭാഗവും കണച്ചുണ്ട ഉപയോഗിച്ചു മത്സ്യബന്ധനംചെയ്തു ജീവിക്കുന്നവരും അതിൽനിന്നുള്ള ആദായം കൊണ്ടുമാത്രം കോളനിവകയിൽ ഗവർമ്മെണ്ടിലേക്കുള്ള കടംതിരുത്തുവരേണ്ടവരുമാകുന്നു. എന്നാൽ ടി വല ഉപയോഗിക്കുന്നതിന്റെ ശല്യം നിമിത്തം കായലിൽ മത്സ്യം ഇല്ലാതായി തീർന്നിരിക്കുന്നതും അതുനിമിത്തം മേൽപറഞ്ഞവരും മറ്റുള്ളവരും കടത്തിലും പട്ടിണിയിലുമായി തീർന്നിരിക്കുന്നു, ഈ വല കൊച്ചിക്കാരായവരാരും കായലിൽ ഉപയോഗിക്കുന്നില്ല. ടി വല കായലിൽ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതിനെ തിരുവിതാംകൂർ ഗവർമ്മെണ്ടു നിരോധിച്ചിട്ടുള്ളതാകുന്നു. അതുമൂലം തിരുവിതാം

LIBRARY ARCHIVES Kerala Legislative Assembly